# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1904 06.07.2015-ൽ മറുപടിയ്ക്ക്**

**സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ എം. ചന്ദ്രൻ<br>ശ്രീ ജെയിംസ് മാത്യു<br>ശ്രീ കെ. വി. അബ്ദുൾ ഖാദർ | രമേശ് ചെന്നിത്തല<br>( ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമ പ്രകാരം വ്യാജവാറ്റുകാർ/മയക്കുമരുന്നു കുറ്റവാളികൾ/ഹവാല തട്ടിപ്പുകാർ/ കള്ളനോട്ടു കാർ, സാമ്പത്തിക തട്ടിപ്പുകാർ/ബ്ലേഡ് മാഫിയകൾ തുടങ്ങിയവർക്കെതിരെ സ്വീകരി ച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്ത നങ്ങൾ (തടയൽ) നിയമപ്രകാരം സമൂഹ ത്തിന്റെ സുരക്ഷയ്ക്കും പബ്ലിക് ഓർഡറിനും ഭീഷണി ഉയർത്തിക്കൊണ്ട് നിരന്തരം കുറ്റകൃത്യ ങ്ങളിലേർപ്പെടുന്ന വ്യാജവാറ്റുകാർ/മയക്കുമരുന്നു കുറ്റവാളികൾ/ഹവാല തട്ടിപ്പുകാർ/ കള്ളനോട്ടു കാർ, സാമ്പത്തിക തട്ടിപ്പുകാർ/ ബ്ലേഡ് മാഫിയയിൽ ഉൾപ്പെടുന്നവർ തുടങ്ങിയവരെ പ്രസ്തുത നിയമത്തിലെ വകുപ്പ് 3 പ്രകാരം കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിനും, വകുപ്പ് 15 പ്രകാരം ഇവർക്കെതിരെ സഞ്ചലന നിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കുന്നതി നുമുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (ബി) പ്രസ്തുത നിയമം മേൽപ്പറഞ്ഞ വിഭാഗങ്ങൾ ക്കെതിരെ ഉപയോഗിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) നിയമത്തിന്റെ പരിധിയിൽ വരുന്ന എല്ലാത്തരം ആളുകൾക്കെതിരേയും നിയമത്തിലെ വ്യവസ്ഥ കൾ ഉപയോഗിക്കുന്നുണ്ട്. ഏതെങ്കിലും പ്രത്യേക വിഭാഗങ്ങൾക്കെതിരെ നിയമം ഉപയോഗിക്കു ന്നില്ല എന്നുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) പ്രസ്തുത നിയമപ്രകാരം നാടുകടത്തുകയും കസ്റ്റഡിയിൽ വെക്കുകയും ചെയ്ത ഒട്ടേറെ നടപടികൾ കോടതി റദ്ദ് ചെയ്തിട്ടുള്ളതായി അറിയാമോ ; വ്യക്തമാക്കുമോ ; | (സി) പ്രസ്തുത നിയമപ്രകാരം നാടുകടത്തുകയും കസ്റ്റഡിയിൽ വെക്കുകയും ചെയ്ത 101 നടപടികൾ കോടതി റദ്ദ് ചെയ്തിട്ടുണ്ട്. |
| (ഡി) നിയമം ദുർവിനിയോഗം ചെയ്യുന്നവർക്കെതിരെ നടപടി സ്വീകരിക്കാമോ ? | (ഡി) പ്രസ്തുത നിയമം ദുർവിനിയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദുർവിനിയോഗം ശ്രദ്ധയി ൽപ്പെട്ടാൽ കർശന നടപടി സ്വീകരിക്കുന്ന താണ്. |

സെക്ഷൻ ഓഫീസർ